## ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# ഏകാഗ്രതക്ക് ഭംഗം വരുത്താതിരിക്കുക

عَنْ أَبِي سَعِيدٍ الخُدْرِيّ رَضِي اللهُ عَنْه اعْتَكَف رَسُولُ اللهِ صلَّى اللهُ عَلَيهِ وَسَلَّمَ فِي الْمَسْجِد ، فَسَمعَهم يَجْهَرون بِالْقِرَاءَة ، وَهُوَ فِي قُبَّةٍ لَهُ ، فَكَشَف السِّترَ وَقَالَ : أَلَا إنَّ كلَّكم مُناجٍ رَبَّه ، فَلَا يُؤذِينَّ بَعْضُكمْ بَعْضًا ، وَلَا يرْفَعَنَّ بَعْضُكم عَلَى بعضٍ بِالْقِرَاءَةِ . أَوْ قَالَ : فِي الصّلَاةِ

**അബൂസഈദിൽ ഖുദ്‌രി(റ)യിൽനിന്ന്. 'അല്ലാഹുവിന്റെ ദൂതൻ പള്ളിയിൽ ഭജനമിരുന്നു. അവിടെ ഉണ്ടായിരുന്നവർ ഉറക്കെ ഖുർആൻ പാരായണം ചെയ്യുന്നത് അവിടുന്ന് കേട്ടു. അദ്ദേഹം അദ്ദേഹത്തിന്റെ കൂടാരത്തിലായിരുന്നു. അവിടുന്ന് തിരശ്ശീല മാറ്റിയിട്ടു പറഞ്ഞു: 'അറിയുക, നിങ്ങളെല്ലാവരും തന്റെ നാഥനോട് സ്വകാര്യ സംഭാഷണം നടത്തുന്നവരാണ്. ആയതിനാൽ നിങ്ങളിൽ ചിലർ മറ്റു ചിലരെ ഉപദ്രവിക്കരുത്. പാരായണത്തിൽ അഥവാ നമസ്കാരത്തിൽ ചിലർ മറ്റു ചിലരേക്കാൾ ശബ്ദം ഉയർത്തരുത്' (അഹ് മദ്, നസാഈ).**

മതപരമോ ഭൗതികമോ ആയ ഏതൊരു പ്രവൃത്തിയും കുറ്റമറ്റതാവണമെങ്കിൽ മറ്റു പലതിനോടുമൊപ്പം പ്രധാനമാണ് ഏകാഗ്രത. അതുകൊണ്ടാണ് നാം ജോലിചെയ്യുമ്പോൾ അതിനു തടസ്സമാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നത്. മരംമുറിക്കുമ്പോൾ മരം വെട്ടുകാരൻ ആളുകളെയും ചില ജോലികൾ ചെയ്യുമ്പോൾ നാം കുട്ടികളെയും മാറ്റിനിർത്തുന്നത് മറ്റു പലതുകൊണ്ടും എന്നതുപോലെ ഏകാഗ്രത നഷ്ടപ്പെടാൻ ഇടയാക്കും എന്നതുകൊണ്ടു കൂടിയാണ്.

ഏതൊരു വിശ്വാസിയും സർവലോക നാഥനായ അല്ലാഹുവിനു മുമ്പാകെ തന്റെ മനോഗതം മറ്റാരുമായും പങ്കുവെക്കാതെ സമർപ്പിക്കുന്ന സന്ദർഭമാണ് പ്രാർഥന, നമസ്കാരം, ഖുർആൻ പാരായണം പോലുള്ള ഇബാദത്തുവേളകൾ. പലപ്പോഴും അത് തന്നെത്തന്നെ മറന്നുകൊണ്ടുള്ള സമർപ്പണമാവാം; അഥവാ അങ്ങനെ ആയിരിക്കണം. ഇത്തരം സന്ദർഭങ്ങളിൽ വിശിഷ്യാ കൂടുതൽ പേർ സമ്മേളിക്കുന്ന പള്ളികളിൽ നടക്കുന്ന ആരാധനകളും പ്രാർഥനകളും ഖുർആൻ പാരായണവുമെല്ലാം ഒരാളുടേത് മറ്റുള്ളവർക്ക് ശല്യമാവാത്ത രീതിയിലാവുക എന്നത് വളരെ പ്രധാനമാണ്.

അവിടെ ഒരാൾക്കും മറ്റൊരാളേക്കാൾ സവിശേഷ പരിഗണനയില്ല. 'വിനയത്തോടും ഭയപ്പാടോടും കൂടി, വാക്ക് ഉച്ചത്തിലാവാതെ രാവിലെയും വൈകുന്നേരവും നീ നിന്റെ രക്ഷിതാവിനെ മനസ്സിൽ സ്മരിക്കുക. നീ ശ്രദ്ധയില്ലാത്തവരുടെ കൂട്ടത്തിലാവരുത്' (*അൽഅഅ്റാഫ്*: 205) എന്നതാണ് ഈ വിഷയകമായ ഇസ്‌ലാമിന്റെ പൊതുനയം. ഒറ്റയ്ക്കോ സ്വകാര്യ ഇടങ്ങളിലോ ആവുമ്പോൾ സംഘപശ്ചാത്തലമില്ലായ്കയാൽ വ്യക്തികൾക്ക് ചില സ്വാതന്ത്ര്യങ്ങളാവാം എന്നുമാത്രം.

വിശ്വാസികൾ സാധാരണ ഇബാദത്തുകളിൽനിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ഏകാഗ്രതയും ആത്മീയാനുഭൂതിയും ഉദ്ദേശിച്ച് നിർവഹിക്കുന്ന അനുഷ്ഠാനമാണ് ഇഅ്തികാഫ് അഥവാ പള്ളിയിൽ ഭജനമിരിക്കൽ. ഇത്തരമൊരു ഇഅ്തികാഫ് വേളയിൽ മസ്ജിദുന്നബവിയിൽ വിശ്വാസികൾ പ്രാർഥനാ നിരതരാകവെ നബി(സ) നടത്തിയ ഒരു ഇടപെടലാണ് ഹദീസിന്റെ പശ്ചാത്തലം.

ഏകാഗ്രമായ ആരാധനാനുഷ്ഠാനങ്ങൾക്ക് വിഘാതമാവുന്ന ചിത്രപ്പണികളും മറ്റും പ്രാർഥനാ പരിസരങ്ങളിൽ ഉണ്ടാവരുതെന്ന് നബി(സ) വിലക്കിയിട്ടുണ്ട്. ഇവയേക്കാളും ആളുകൾക്ക് അലോസരമുണ്ടാക്കുന്നതാണ് ഉച്ചത്തിലുള്ള പ്രാർഥനയും നമസ്കാരവും ഖുർആൻ പാരായണവും മറ്റും. പള്ളികളിൽ ഉച്ചത്തിൽ ഓതുന്നവർ, ദിക്റ് ചൊല്ലുന്നവർ, വായകൊണ്ടും മൂക്കുകൊണ്ടും ചില പ്രത്യേക ശബ്ദങ്ങൾ ഉണ്ടാക്കുന്നവർ, വിരൽഞൊടിക്കുന്നവർ, പള്ളിയുടെ ആത്മീയ ഗാംഭീര്യത്തിന് യോജിക്കാത്ത വേഷവിധാനങ്ങൾ ധരിക്കുന്നവർ, സ്ഥലവും സന്ദർഭവും നോക്കാതെ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നവർ ഇവരെല്ലാം ഈ ഗണത്തിൽ വരുന്നവരാണ്. ഓരോരുത്തരും താന്താങ്ങളു

ടെ സ്വകാര്യ ആവശ്യങ്ങളും സങ്കടങ്ങളും അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുകയാണെന്നും, തനിക്കെന്നപോലെ എല്ലാവർക്കും അതിന് മൗലികാവകാശമുണ്ടെന്നും എല്ലാവരും മനസ്സിലാക്കി വകവെച്ചുകൊടുക്കുകയാണ് പ്രശ്നപരിഹാരത്തിനുള്ള പോംവഴി.

മുമ്പ് നമ്മുടെ നാടുകളിൽ പ്രചാരത്തിലുണ്ടായിരുന്ന വായനശാലകൾ ഈ സാമൂഹിക മര്യാദ കാത്തുസൂക്ഷിക്കുന്ന ഇടങ്ങളായിരുന്നു. ആവശ്യത്തിൽ കവിഞ്ഞ ശബ്ദവും വെളിച്ചവുമൊക്കെയാണ് ആരാധനാലയങ്ങളെ ശ്രദ്ധാകേന്ദ്രങ്ങളാക്കുകയെന്ന മൂഢധാരണ പല മതവിഭാഗങ്ങളെയും ആവേശിച്ചതായി കാണാം. രാഷ്ട്രീയ പാർട്ടികൾക്ക് തെരുവുകൾ പ്രകമ്പനം കൊള്ളിക്കുന്ന പ്രകടനങ്ങളാവാമെങ്കിൽ തങ്ങൾക്ക് ദേവാലയങ്ങളിൽ അത് എന്തുകൊണ്ടു പറ്റില്ലെന്ന് വിശ്വാസികൾ ചിന്തിക്കുന്നതു പോലെയാണ് ഈ രംഗത്തെ പ്രകടനങ്ങൾ. ഒരു യാത്രാ വേളയിൽ സ്വഹാബികൾ ഉച്ചത്തിൽ പ്രാർഥിച്ചപ്പോൾ നബി(സ) അവരെ ഉപദേശിച്ചു കൊണ്ടു പറഞ്ഞത് 'ജനങ്ങളേ! നിങ്ങൾ നിങ്ങളോട് ദയകാണിക്കുക, തീർച്ചയായും നിങ്ങൾ പ്രാർഥിക്കുന്നത് ബധിരനോടോ ഹാജറില്ലാത്തവനോടോ അല്ല, തീർച്ചയായും നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവൻ ശ്രോതാവും സമീപസ്ഥനുമാണ്. തന്റെ വാഹനത്തിന്റെ -ഒട്ടകത്തിന്റെ- കഴുത്തിനേക്കാൾ നിങ്ങളിലൊരാളോട് ഏറ്റവും സമീപസ്ഥനാണവൻ' എന്നായിരുന്നു.

സത്യവിശ്വാസികളുടെ ആരാധനകളും പ്രാർഥനകളും ഖുർആൻ പാരായണവും മറ്റും പള്ളികൾ തോറും സന്ദർശിച്ച് രേഖപ്പെടുത്തി അല്ലാഹുവിലേക്ക് റിപ്പോർട്ട് ചെയ്യുന്ന മലക്കുകൾ, മറ്റുള്ളവരെ ഏതെങ്കിലും തരത്തിൽ പീഡിപ്പിക്കുന്നവരുടെ കർമങ്ങൾ അതിൽ ഉൾപ്പെടുത്തുകയില്ലെന്ന് മറ്റൊരു നബിവചനത്തിൽ എടുത്തു പറഞ്ഞത് കാണാം.

മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട എല്ലാം സുന്ദരമായി ആവിഷ്കരിക്കപ്പെടേണ്ടതാണെങ്കിൽ അത് ഏറ്റവും പരിഗണിക്കപ്പെടേണ്ടത് ആരാധനകളിലും പ്രാർഥനകളിലുമാണ്. നബി(സ)യുടെ ഭംഗിയാർന്ന നമസ്കാരവും പ്രാർഥനയുമെല്ലാം അവാച്യമായ അനുഭൂതി പകരുന്നവയായിരുന്നു എന്ന ആഇശ(റ)യുടെ പ്രതികരണം അവയുടെ ബഹളാംശം മുൻനിർത്തിയല്ല, അവയുടെ ആത്മീയാംശം മുൻനിർത്തിയായിരുന്നു. തുടർന്നുള്ള ജീവിതത്തിൽ, മറ്റുള്ളവർക്ക് ശല്യമാവാത്ത വിധം മാത്രം ആരാധനാ- പ്രാർഥനകൾ നിർവഹിക്കാൻ നമുക്ക് ശ്രമിക്കാം- 'സ്വയം പീഡനമോ പരപീഡനമോ പാടില്ല' എന്ന ഇസ്‌ലാമിക തത്ത്വം ആത്മീയ തലത്തിൽ നിന്നുതന്നെ നമുക്ക് പരിശീലിച്ചു തുടങ്ങാം. ●